**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4600** **13-03-2023 - ൽ മറുപടിയ്ക്ക്**

**അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മതിയായ രേഖകൾ ഇല്ലാത്തതും രേഖകൾ നഷ്ടപ്പെട്ടതുമായ കാരണത്താൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കാനായി ആധുനിക രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുവാൻ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മതിയായ രേഖകൾ ഇല്ലാത്തതും രേഖകൾ നഷ്ടപ്പെട്ടതുമായ കാരണത്താൽ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കാനായി ആധുനിക രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുവാൻ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എബിസിഡി) പദ്ധതി പട്ടികവർഗ്ഗവിഭാഗക്കാർക്കായി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുണ്ട്. ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ കാർഡ്, മരണ സർട്ടിഫിക്കറ്റ്, ആരോഗ്യ ജനന ഇൻഷ്വറൻസ് കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങി വിവിധ രേഖകൾ ഡിജിറ്റൽ ഡോക്യുമെന്റായി നൽകുന്ന ഈ പദ്ധതി ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഐറ്റി മിഷൻ, പട്ടികവർഗ വികസന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു.<br><br>പട്ടികജാതി വിഭാഗക്കാർക്കായി പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയതെന്നും മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ? | (ബി) | പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ